# FIRST YEAR HIGHER SECONDARY MODEL EXAMINATION, JUNE 2022

## Part – III

## BUSINESS STUDIES

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time .*
- *Use the 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരം എഴുതുക. 1 സ്കോർ വീതം.**

**(8×1=8)**

1. ________ ന് ഉള്ള പ്രതിഫലമാണ് ലാഭം.

   a) തൊഴിൽ

   b) ബിസിനസ്സ്

   c) വിദഗ്ധതൊഴിൽ

   d) ഇവയെല്ലാം

2. 'ഒരു വ്യക്തി ഒരു വോട്ട്' എന്ന തത്വം ബാധകമാവുന്നത് ________ രൂപത്തിലുള്ള വ്യാപാരത്തിനാണ്.

   a) ഏകക ഉടമസ്ഥതാ വ്യാപാരം

   b) പങ്കാളിത്ത വ്യാപാരം

   c) ജോയിന്റ് സ്റ്റോക്ക് കമ്പനി

   d) സഹകരണ സംഘങ്ങൾ

3. പാർലമെന്റിലോ നിയമസഭയിലോ പാസ്സാക്കുന്ന പ്രത്യേക നിയമത്തിലൂടെ സ്ഥാപിതമാവുന്ന വ്യാപാരം ഏതെന്നു കണ്ടെത്തുക.

   a) വകുപ്പുതല സംരംഭങ്ങൾ

   b) പൊതു കോർപറേഷനുകൾ

   c) സർക്കാർ കമ്പനികൾ

   d) സ്വകാര്യ കമ്പനികൾ

4. നികുതിയും കസ്റ്റംസ് തീരുവയും അടയ്ക്കുന്നതിന് മുമ്പ് ഇറക്കുമതി ചെയ്ത സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംഭരണശാലയുടെ പേര് എഴുതുക.

a) സ്വകാര്യ സംഭരണശാല

b) പൊതു സംഭരണശാല

c) ബോണ്ടഡ് സംഭരണശാല

d) സർക്കാർ സംഭരണശാല

5. നൽകിയിരിക്കുന്ന പ്രസ്താവനയിൽ സൂചിപ്പിച്ചിട്ടുള്ള സാമൂഹിക ഉത്തരവാദിത്തം ഏതെന്ന് തിരിച്ചറിയുക.

'പ്രകൃതിക്ഷോഭം ബാധിച്ച ആളുകളെ സഹായിക്കുന്നു'.

a) സാമ്പത്തികം

b) നിയമപരം

c) നൈതികം

d) വിവേചനപരം

6. ഓഹരി സമാഹരണവുമായി ബന്ധപ്പെട്ട പ്രമാണം തിരിച്ചറിയുക.

a) മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

b) ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ

c) പ്രോസ്പെക്ടസ്

d) ഇതൊന്നുമല്ല

7. ബിസിനസ്സിൽ ലാഭം പുനർ നിക്ഷേപിക്കുന്നത് ________________ എന്നും അറിയപ്പെടുന്നു.

a) നീക്കിയിരുപ്പ് സമ്പാദ്യം

b) പൊതു നിക്ഷേപം

c) വ്യാപാര ക്രെഡിറ്റ്

d) പാട്ടക്കരാർ ധനസഹായം

8. എം. എസ്. എം. ഇ. ഡി. നിയമം 2006 ________________ മായി ബന്ധപ്പെട്ടിരിക്കുന്നു.

a) സൂക്ഷ്മ സംരംഭം

b) ചെറുകിട സംരംഭം

c) ഇടത്തരം സംരംഭം

d) ഇവയെല്ലാം

9. ചുവടെ നൽകിയിരിക്കുന്ന ____________ ബിസിനസ്സുമായി വി. പി. പി. ബന്ധപ്പെട്ടിരിക്കുന്നു.

a) ഡിപ്പാർട്ട്മെന്റൽ സ്റ്റോർ

b) ശൃംഖലാ സ്റ്റോർ

c) മെയിൽ ഓർഡർ ബിസിനസ്സ്

d) സൂപ്പർ മാർക്കറ്റ്

Score

10. അന്താരാഷ്ട്ര ബിസിനസ്സിന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നത്

a) കയറ്റുമതിയും ഇറക്കുമതിയും

b) ലൈസൻസിംഗും ഫ്രാഞ്ചൈസിംഗും

c) കരാർ നിർമ്മാണം

d) ഇവയെല്ലാം

**11 മുതൽ17 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(4×2=8)**

11. ബിസിനസ് പ്രവർത്തനത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

12. എന്താണ് സർക്കാർ കമ്പനി ?

13. ഇ-ബാങ്കിംഗിന്റെ ഏതെങ്കിലും രണ്ട് നേട്ടങ്ങൾ എഴുതുക.

14. B2B കൊമേഴ്സ് ഒരു ഉദാഹരണ സഹിതം വിശദീകരിക്കുക.

15. കമ്പനി രൂപീകരണത്തിന്റെ ഏതെങ്കിലും രണ്ട് രേഖകളുടെ പേരെഴുതുക.

16. എന്താണ് പ്രവർത്തന മൂലധന ആവശ്യകതകൾ ?

17. ഉല്പാദകർക്ക് ചില്ലറ കച്ചവടക്കാർ നൽകുന്ന ഏതെങ്കിലും രണ്ട് സേവനങ്ങൾ എഴുതുക.

Score

**18 മുതൽ 23 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 3 സ്കോർ വീതം.** **(4×3=12)**

**18.** പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂന്ന് രൂപങ്ങൾ എഴുതുക.

**19.** പരിസ്ഥിതി മലിനീകരണത്തിന്റെ ഏതെങ്കിലും മൂന്ന് കാരണങ്ങൾ ഓരോ ഉദാഹരണസഹിതം നൽകുക.

**20.** താഴെ പറയുന്നവ ചുരുക്കി വിശദീകരിക്കുക.

a) പാട്ടക്കരാർ ധനസഹായം

b) ഫാക്ടറിംഗ്

**21.** ഏതെങ്കിലും രണ്ടു നടന്നു വില്പനക്കാരെ കുറിച്ച് വിവരിക്കുക.

**22.** മെയിൽ ഓർഡർ ബിസിനസിന്റെ ഏതെങ്കിലും മൂന്ന് ദോഷങ്ങൾ എഴുതുക.

**23.** അന്താരാഷ്ട്ര ബിസിനസ്സിന്റെ മൂന്ന് നേട്ടങ്ങൾ എഴുതുക.

**24 മുതൽ 29 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 4 സ്കോർ വീതം.** **(4×4=16)**

**24.** എന്താണ് ബിസിനസ്സ് നഷ്ട സാധ്യത ? ബിസിനസ്സ് നഷ്ട സാധ്യതയുടെ ഏതെങ്കിലും രണ്ട് കാരണങ്ങൾ സൂചിപ്പിക്കുക.

**25.** സജീവ പങ്കാളിയെയും നാമമാത്ര പങ്കാളിയെയും വേർതിരിക്കുക.

Score

26. വാണിജ്യ ബാങ്കുകളുടെ ഏതെങ്കിലും രണ്ട് ധർമ്മങ്ങൾ വിശദീകരിക്കുക.

27. ആരാണ് ഒരു പ്രൊമോട്ടർ ? പ്രൊമോട്ടറുടെ ഏതെങ്കിലും രണ്ട് ധർമ്മങ്ങൾ എഴുതുക.

28. ഇക്വിറ്റി ഷെയറുകളുടെ ഏതെങ്കിലും നാല് ഗുണങ്ങൾ എഴുതുക.

29. അന്താരാഷ്ട്ര വ്യാപാരവും ആഭ്യന്തര വ്യാപാരവും വേർതിരിക്കുക.

**30 മുതൽ 35 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 5 സ്കോർ വീതം. (4×5=20)**

30. സ്വകാര്യ കമ്പനിയെയും പൊതു കമ്പനിയെയും വേർതിരിക്കുക.

31. എന്താണ് എം. എൻ. സി ? അതിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക.

32. പുറം കരാർ (ഔട്ട്സോഴ്സിംഗ്) വിശദീകരിക്കുക. പുറംകരാറിന്റെ ആവശ്യകത എഴുതുക.

33. ചേരുംപടി ചേർക്കുക :

| | |
|---|---|
| a) രാജ്യത്തെ നിയമം അനുസരിക്കുക | a) വായു മലിനീകരണം |
| b) മതവികാരങ്ങളെ മാനിക്കുന്നു | b) ജല മലിനീകരണം |
| c) കാർബൺ മോണോക്സൈഡിന്റെ പുറംതള്ളൽ | c) നിയമപരമായ ഉത്തരവാദിത്തം |
| d) തോടുകളിലേക്ക് മാലിന്യം തള്ളൽ | d) ശബ്ദ മലിനീകരണം |
| e) കേൾവി നഷ്ടം | e) നൈതിക ഉത്തരവാദിത്തം |

34. എന്താണ് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ? അതിലെ ഏതെങ്കിലും നാല് വകുപ്പുകളുടെ പേര് എഴുതുക.

35. ഇന്ത്യയിൽ ചെറുകിട ബസിനസ്സ് നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് ?

36 മുതൽ 38 വരെ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. 8 സ്കോർ വീതം. (2×8=16)

36. എന്താണ് വ്യവസായം ? വ്യവസായത്തിന്റെ വർഗ്ഗീകരണം സംക്ഷിപ്തമായി വിശദീകരിക്കുക.

37. എന്താണ് പങ്കാളിത്തം ? പങ്കാളിത്തത്തിന്റെ ഏതെങ്കിലും മൂന്ന് ഗുണങ്ങളും പരിമിതികളും എഴുതുക.

38. ഇൻഷുറൻസിന്റെ ഏതെങ്കിലും നാല് തത്വങ്ങൾ വിശദീകരിക്കുക.

---